സബ്സിഡി നൽകുന്നു. കൂടാതെ നിലവിലുള്ള മാർജിൻ മണി വായ്പ കുടിശ്ശികയുടെ പലിശ/പിഴപ്പലിശ എന്നിവയ്ക്ക് ഇളവുകൾ നൽകുന്നുണ്ട്. പുനരുദ്ധാരണ പരിപാടിയിന്മേൽ ഡി.എൽ.ആർ.സി.-യുടെ തീരുമാനം ഉണ്ടാകുന്നതുവരെ റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കുന്നുണ്ട്. ലഘുവ്യവസായം, വനിതാ വികസന പദ്ധതിയിൽ വരുന്ന യൂണിറ്റുകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ ആരംഭിക്കുന്ന യൂണിറ്റുകൾ എന്നിവയ്ക്ക് മുൻഗണന നൽകുന്നുണ്ട്.

പുതുതായി രജിസ്റ്റർ ചെയ്ത കമ്പനികൾ

7 (161) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രാർ ഓഫ് കമ്പനീസിന്റെ കണക്ക് പ്രകാരം കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് പുതുതായി രജിസ്റ്റർ ചെയ്ത കമ്പനികളുടെ മൊത്തം എണ്ണം എത്രയാണ് ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ സംസ്ഥാനത്ത് പുതുതായി എത്ര കമ്പനികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയുണ്ടായി; രജിസ്റ്റർ ചെയ്ത കമ്പനികളിൽ ഇപ്പോഴും പ്രവർത്തനം ആരംഭിക്കാത്തവ എത്ര ;

(സി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ എത്ര കമ്പനികൾ ലിക്വിഡേറ്റ് ചെയ്യുകയുണ്ടായി ?

ഉത്തരം

(എ-സി) രജിസ്ട്രാർ ഓഫ് കമ്പനീസിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

പുതിയ വ്യവസായ സംരംഭങ്ങൾ

8 (162) ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ വ്യവസായ സംരംഭങ്ങൾ സഹകാര്യ-പൊതുമേഖലകളിൽ ആരംഭിക്കുവാൻ കഴിഞ്ഞു എന്ന് വിശദമാക്കുമോ ;

(ബി) 'ജിം'-നെ തുടർന്ന് സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള പുതിയ അന്തരീക്ഷത്തിൽ എന്തൊക്കെ പുതിയ സംരംഭങ്ങളാണ് ആരംഭിക്കുവാൻ പോകുന്നതെന്ന് വിശദമാക്കാമോ ;

(സി) ഗൾഫ് മലയാളികളുടെയും തദ്ദേശവ്യവസായികളുടെയും സഹകരണത്തോടെ കൂടുതൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടില്ല. കെ.എസ്.ഐ.ഡി.സി.-യുടെ സഹായത്തോടെ സ്വകാര്യ മേഖലയിൽ പുതുതായി 17 പദ്ധതികൾ ആരംഭിച്ചു. മറ്റ് ഏജൻസികൾ വഴി സ്വകാര്യ മേഖലയിലും ചെറുകിട മേഖലയിലും ആരംഭിക്കുവാൻ കഴിഞ്ഞ പുതിയ വ്യവസായ സംരംഭങ്ങളെക്കുറിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) 'ജിം' മുഖേന കെ.എസ്.ഐ.ഡി.സി.-യുടെ സഹായത്തോടെ സംസ്ഥാനത്ത് ഇതുവരെ പ്രവർത്തനമാരംഭിച്ച പദ്ധതികളുടെ പട്ടിക അനുബന്ധമായി നൽകുന്നു.* കൂടാതെ കെ.എസ്.ഐ.ഡി.സി. നിരീക്ഷപ തീരുമാനമെടുത്ത് നിർമ്മാണ ഘട്ടത്തിലിരിക്കുന്ന 37 വ്യവസായ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി നൽകുന്നു.* മറ്റ് ഏജൻസികൾ മുഖേന ആരംഭിക്കുന്ന സംരംഭങ്ങളെക്കുറിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) പരിഗണിക്കുന്നതാണ്.

പൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി

9 (163) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന പോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. സർക്കാർ അധികാരമേറ്റെടുത്ത ശേഷം നാളിതുവരെ സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി എത്ര വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ട് ;

(ബി) ഈ കാലയളവിൽ സംസ്ഥാനത്ത് പുതുതായി എത്ര വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പാലക്കാട് ജില്ലയിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ട്; അവ ഏതെല്ലാമാണെന്നും പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾ പൂട്ടുവാൻ എന്തായിരുന്നു കാരണമെന്നും വെളിപ്പെടുത്തുമോ ;

(ഡി) പൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 6 പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവച്ചു. കൂടാതെ 5 കമ്പനികൾ BIFR-ന്റെ ഉത്തരവ് പ്രകാരം പ്രവർത്തനം നിർത്തി വയ്ക്കുകയുണ്ടായി. രണ്ട് കമ്പനികൾ വളരെ മുമ്പു മുതൽതന്നെ കണക്കുകൾ സമർപ്പിക്കുകയോ പ്രവർത്തിക്കുകയോ ചെയ്തിരുന്നില്ല. ഇതിനുപുറമെ ഒരു കമ്പനി പ്രവർത്തിച്ചു തുടങ്ങുകയുമുണ്ടായില്ല. സ്വകാര്യ മേഖലയിൽ 45 വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ട്. ഇവയിൽ ഇതിനോടകം 5 സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിച്ചിട്ടുണ്ട്. ചെറുകിട വ്യവസായ യൂണിറ്റുകളുടെ എണ്ണം ശേഖരിച്ചു വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly